**പതിമൂന്നാം കേരളനിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*195 19.06.2012-ൽ മറുപടിയ്ക്ക്

# ധാതുസമ്പത്തിൽ നിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ

**ചോദ്യം**

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

ശ്രീ. എം. ഉമ്മർ

ശ്രീ. കെ. എൻ. എ. ഖാദർ

(എ) സംസ്ഥാനത്തെ ധാതു സമ്പത്ത് മൂല്യവർദ്ധിത ഉൽപ്പന്നമാക്കി വിപണനം ചെയ്യുന്ന കാര്യത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളെക്കുറിച്ച് വിശദമാക്കുമോ;

(ബി) ഇതിനായി സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിൽ ഏതൊക്കെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തിന്റെ തീരപ്രദേശത്ത് ലഭ്യമായ ധാതുസമ്പത്ത് ഇപ്പോൾ ഏതൊക്കെ ഏജൻസികളാണ് ശേഖരിക്കുന്നതെന്ന് വിശദമാക്കുമോ?

**ഉത്തരം**

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)

(എ)&(ബി) സംസ്ഥാനത്തെ ധാതുസമ്പത്ത് മൂല്യവർദ്ധിത ഉൽപ്പന്നമാക്കി വിപണനം ചെയ്യുന്നതിന് വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കൊല്ലം ചവറയിൽ 10,000 ടൺ ഉൽപാദനശേഷിയുള്ള ഒരു ടൈറ്റാനിയം സ്പോഞ്ച് പ്ലാന്റ്, അതിന്റെ അനുബന്ധ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന ഒരു ടൈറ്റാനിയം കോംപ്ലക്സ് സ്ഥാപിക്കുവാൻ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന് പദ്ധതിയുണ്ട്. ഈ പദ്ധതിക്ക് ഏകദേശം 1500 കോടി രൂപ മുതൽമുടക്ക് പ്രതീക്ഷിക്കുന്നു. സംസ്ഥാനത്ത് സുലഭമായി ലഭിക്കുന്ന സിലിക്ക മണലിൽ നിന്നും ഓയിൽ ആന്റ് ഗ്യാസ് സെക്ടറിൽ ഉപയോഗിക്കുന്ന ഫ്രാക്ക് സാന്റ് ഉൽപ്പാദിപ്പിക്കുന്നതിനുള്ള ഒരു പദ്ധതി കേരള സ്റ്റേറ്റ് മിനറൽ ഡവലപ്മെന്റ് കോർപ്പറേഷൻ ആവിഷ്കരിച്ച് വരുന്നുണ്ട്. ധാതുമണലിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങളായ ടൈറ്റാനിയം ഡയോക്സൈഡ് ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട് ലിമിറ്റഡും ടൈറ്റാനിയം ഡയോക്സൈഡ്, ടൈറ്റാനിയം സ്പോഞ്ച് എന്നിവ കേരള മിനറൽസ് & മെറ്റൽസ് ലിമിറ്റഡും ഉൽപ്പാദിപ്പിച്ചുവരുന്നു. കൂടാതെ കേന്ദ്രസർക്കാർ സ്ഥാപനമായ ഇൻഡ്യൻ റെയർ എർത്ത് ലിമിറ്റഡും മൂല്യവർദ്ധിത വസ്തുക്കൾ നിർമ്മിക്കുന്നുണ്ട്.

(സി) സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള കേരള മിനറൽസ് & മെറ്റൽസ് ലിമിറ്റഡ്, കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ഇൻഡ്യൻ റെയർ എർത്ത് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളാണ് തീരപ്രദേശത്ത് ലഭ്യമായ ധാതുസമ്പത്ത് ശേഖരിക്കുന്നത്.

സെക്ഷൻ ഓഫീസർ